പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 264

01.12.2014 ൽ മറുപടിയ്ക്ക്

**ദുരൂഹസാഹചര്യത്തിൽ മരണപ്പെട്ട രതീഷിന്റെ കേസ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ഉബൈദുള്ള | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ദുരൂഹസാഹചര്യത്തിലുള്ള രതീഷിന്റെ മരണം സംബന്ധിച്ച് ചിറയിൻകീഴ് പോലീസ് സ്റ്റേഷൻ ക്രൈം 102/2013 നമ്പർ കേസിൽ പുനരന്വേഷണം നടത്താൻ സംസ്ഥാന പോലീസ് മേധാവി ഉത്തരവായിട്ടുണ്ടോ ; | (എ) ഉത്തരവായിട്ടുണ്ട്. |
| (ബി) എങ്കിൽ എന്നാണ് അത് സംബന്ധിച്ച ഉത്തരവ് തിരുവനന്തപുരം ജില്ലാ പോലീസ് മേധാവിക്ക് ലഭിച്ചതെന്നും പുനരന്വേഷണച്ചുമതല ഏത് ഉദ്യോഗസ്ഥനാണെന്നും വ്യക്തമാക്കുമോ ; | (ബി) 30.11.2013-ൽ ലഭിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം (റൂറൽ) ജില്ലാ ക്രൈംബ്രാഞ്ച് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിനെ 02.11.2013 തീയതിയിലെ തിരുവനന്തപുരം (റൂറൽ) ജില്ലാ പോലീസ് മേധാവിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചിറയിൻകീഴ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 102/2013 എന്ന കേസിന്റെ തുടരന്വേഷണം നടത്തുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) ഇക്കാര്യത്തിൽ ബന്ധപ്പെട്ട കോടതിയിൽ നിന്നും അനുവാദം നേടിയിട്ടുണ്ടോ; അന്വേഷണം ഏത് ഘട്ടത്തിലാണെന്നും എന്തൊക്കെ നടപടികൾ ഇതേവരെ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ ? | (സി) ഇക്കാര്യത്തിൽ ബന്ധപ്പെട്ട കോടതിയിൽ നിന്നും അനുവാദം തേടിയിട്ടുണ്ട്. ടി കേസിന്റെ അന്വേഷണം തിരുവനന്തപുരം (റൂറൽ) ജില്ലാ ക്രൈംബ്രാഞ്ച് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് നടത്തി വരുന്നതിനാൽ ഇപ്പോൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ

4